സഹകരിച്ച് വീട്ടുപടിക്കൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ജനുവരിയോടുകൂടി ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുന്നതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ്

343 (343) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടത്തിന്റെ അടിത്തറ നിർമ്മിക്കാനുള്ള ജോലികൾക്ക് മണ്ണ് മാറ്റുന്നതിനും പുരത്തറയിൽ മണ്ണ് നിക്ഷേപിക്കുന്നതിനും കെട്ടിട നിർമ്മാണ പെർമിറ്റ് മതിയാകുമെന്ന് വ്യവസ്ഥ ചെയ്ത ഉത്തരവിറക്കിയിട്ടുണ്ടോ; കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇത് സംബന്ധിച്ച വ്യവസ്ഥ ഏതാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ഡെവലപ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടം 109 പ്രകാരം സ്പഷ്ടീകരണം നൽകി, 18-9-2021-ലെ സ.ഉ. (സാധാ)നം.1795/2021/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

344 (344) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയ്ക്കുള്ള വിഹിതം എത്ര വീതമെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ബഡ്ജറ്റിൽ 12398.24 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രാദേശിക തലം തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) 2021-22 സാമ്പത്തിക വർഷം നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്നും വകയിരുത്തിയതിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly